# പതിമൂന്നാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 191** — **09.03.2015-ലെ മറുപടിക്ക്**

## കോഴിക്കോട് ജില്ലയിലെ സദാചാര ഗുണ്ടാ ആക്രമണ കേസുകൾ

### ചോദ്യം

**ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

(എ) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് സദാചാര ഗുണ്ടാ ആക്രമണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ പ്രകാരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്നും എത്ര പ്രതികൾ ഓരോ കേസിലും ഉൾപ്പെട്ടിട്ടുണ്ട് എന്നും പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) പ്രതികളിൽ എത്ര പേരെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

### മറുപടി

**ശ്രീ. രമേശ് ചെന്നിത്തല**
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ), (ബി) & (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ സദാചാര പോലീസ് ചമഞ്ഞ് 4 അക്രമ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് മുക്കം പോലീസ് സ്റ്റേഷനിൽ 2 കേസും പയ്യോളി പോലീസ് സ്റ്റേഷനിൽ 2 കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ 4 കേസുകളിലായി 25 പ്രതികളുണ്ട്. ഇതിൽ 3 കേസുകളിലെ 22 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. (1) മുക്കം പോലീസ് സ്റ്റേഷൻ ക്രൈം നം. 401/2011- 15 പ്രതികൾ - 14 പേരെ അറസ്റ്റ് ചെയ്തു. (2) മുക്കം പോലീസ് സ്റ്റേഷൻ ക്രൈം നം. 68/2015 – 2 പ്രതികൾ - ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. (3) പയ്യോളി പോലീസ് സ്റ്റേഷൻ ക്രൈം നം. 519/2014 – 6 പ്രതികൾ - 6 പേരെയും അറസ്റ്റ് ചെയ്തു. (4) പയ്യോളി പോലീസ് സ്റ്റേഷൻ ക്രൈം നം. 42/2015 – 2 പ്രതികൾ - 2 പേരെയും അറസ്റ്റ് ചെയ്തു.

സെക്ഷൻ ഓഫീസർ